പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5061

30.06.2014-ൽ മറുപടിക്ക്.

# ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആഭ്യന്തര വകുപ്പിന് കീഴിൽ ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | : | (എ) 13-ാമത് ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗപ്പെടുത്തി മുതിർന്ന പൗരന്മാർക്കുവേണ്ടി നടപ്പിലാക്കി വരുന്ന സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീമിൽ ഉൾപ്പെടുത്തി 7 ജില്ലകളിൽ ഇലക്ട്രോണിക് ബീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (ബി) കമ്മ്യൂണിറ്റി പോലീസിംഗ്, സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ സ്കീം എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കണമെങ്കിൽ പോലീസ് സ്റ്റേഷനുകളിൽ നിന്നും ബീറ്റ് ഡ്യൂട്ടി കൃത്യമായി നടത്തേണ്ടതുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് റേഡിയോ ഫ്രീക്വൻസി ഡിറ്റക്ഷൻ റ്റാഗുകൾ ഉപയോഗിച്ചുള്ള ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | : | (സി) ബീറ്റ് ഡ്യൂട്ടി ഫലവത്തായി നടത്തുന്നതുവഴി കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും പൊതു ജനങ്ങളിൽ നിന്നും സാമൂഹ്യവിരുദ്ധരെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനും സാധിക്കും. ഇതിലൂടെ കുറ്റകൃത്യങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രവർത്തിച്ച് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | : | (ഡി) തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ ഈ സംവിധാനം സ്ഥാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | എല്ലാ ജില്ലകളിലും സിസ്റ്റം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | : (ഇ) 2014-2015 സാമ്പത്തിക വർഷം ഈ പദ്ധതി കുറച്ച് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ